കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്) ന്റെ നടപടിക്രമം

സംക്ഷിപ്തം

ഗുരുതരമായ കൃത്യവിലോപവും, ചട്ടലംഘനവും -23.02.2019 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിൽക്കുന്ന കാസർഗോഡ് യൂണിറ്റിലെ കണ്ടക്ടർ ശ്രീ.രഞ്ജിത്ത് കൃഷ്ണൻ.ജി യ്ക്ക് - എതിരെയുള്ള അച്ചടക്ക നടപടി –സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ടുള്ള ഉത്തരവ്

---

വിജിലൻസ് വിഭാഗം

നമ്പർ: VLD2/26017/19(A&VC5) തിരുവനന്തപുരം, തീയതി: 21.10.2023

---

സൂചന 1.No.GL1/25/19/KCDE എന്ന നമ്പർ പ്രകാരം 23.07.2019 തീയതിയായി കാസർഗോഡ് യൂണിറ്റാഫീസർ സമർപ്പിച്ച റിപ്പോർട്ട്
2. ഇതേ നമ്പർ പ്രകാരമുള്ള 21.12.2022 ലെ കുറ്റപത്രം
3. 17.01.2023 –ലെ കുറ്റപത്രത്തിൻ മേലുള്ള വിശദീകരണം
4. 13.04.2023- ലെ വിശദാന്വേഷണ വിചാരണ റിപ്പോർട്ട്
5. 09.05.2023- ലെ വിശദാന്വേഷണ വിചാരണ റിപ്പോർട്ടിനുള്ള മറുപടി
6. 26.06.2023 - ലെ കാരണം കാണിക്കൽ നോട്ടീസ്
7. 21.07.2023- ലെ കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി

ഉത്തരവ്

കാസർഗോഡ് യൂണിറ്റിലെ കണ്ടക്ടറായ ശ്രീ.രഞ്ജിത്ത് കൃഷ്ണൻ.ജി എന്ന താങ്കൾ 23.02.2019 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകുന്നില്ല. യഥാസമയം അവധിക്കുള്ള അപേക്ഷ സമർപ്പിക്കാതെയും മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും ജോലിയിൽ നിന്നും വിട്ട് നിൽക്കുന്നത് ഗുരുതരമായ കൃത്യ വിലോപവും അച്ചടക്ക ലംഘനവുമാണ്. ആയത് സർവ്വീസ് നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുന്നതുമാകയാൽ ശ്രീ രഞ്ജിത്ത് കൃഷ്ണൻ.ജി എന്ന താങ്കൾക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ച് 1960- ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും,അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 21.12.2022 തീയതിയായി സൂചന (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകുകയുണ്ടായി. താങ്കൾ കുറ്റപത്രം കൈപ്പറ്റി സൂചന (3) പ്രകാരം മറുപടി സമർപ്പിച്ചിട്ടുള്ളതുമാകുന്നു. ഇടർന്ന് ചട്ടം 15 അനുശാസിക്കും പ്രകാരം ഒരു ഔപചാരിക അന്വേഷണത്തിനായി (Formal Enquiry) ജില്ലാ ഓഫീസർ കാസർഗോഡ് -നെ എൻക്വയറി ഓഫീസറായി ചുമതലപ്പെടുത്തുകയും ചെയ്തു. വിശദമായി അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണാധികാരി താങ്കൾ ബന്ധപ്പെട്ട അധികാരികളുടെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ 23.02.2019 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുക വഴി ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവും നടത്തിയതായി കണ്ടെത്തി സൂചന (4) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് താങ്കൾക്ക് 25.04.2023. ന് അയച്ചു നൽകിയിട്ടുള്ളതും ടി റിപ്പോർട്ട് പകർപ്പ് കൈപ്പറ്റുകയും താങ്കൾ ആയതിന്മേൽ ഒരു വിശദീകരണം 09.05.2023 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. താങ്കളുടെ വിശദീകരണം തൃപ്തികരമല്ല. അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും ഈ കേസുമായി ബന്ധപ്പെട്ട മറ്റെല്ലാ രേഖകളും പരിശോധിക്കുകയുണ്ടായി. അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനത്തോട് പൂർണ്ണമായും യോജിക്കുന്നു. ദീർഘകാലം അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന താങ്കളുടെ പ്രവർത്തി ന്യായീകരിക്കാവുന്നതല്ല.

ഫയലും അനുബന്ധരേഖകളും വിശദമായി പരിശോധിച്ചു.ദീർഘകാലം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതിന് തൃപ്തികരമായ വിശദീകരണം ഒരു ഘട്ടത്തിലും താങ്കൾ നൽകിയിട്ടില്ല. സർവ്വീസ് രേഖകൾ പരിശോധിച്ചതിൽ താങ്കൾ 26.08.2010 -ൽ കോർപ്പറേഷന്റെ സർവ്വീസിൽ

പ്രവേശിച്ചവെന്നും 23.02.2019 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന വെന്നും കാണുന്നു.തന്മൂലം താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും താങ്കളുടെ മേൽ പ്രവൃത്തി കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുകയും അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്തിട്ടുണ്ട്. ഗുരുതരമായ കൃത്യവിലോപവും അവധിച്ചട്ടങ്ങളുടെ ലംഘനവുമാണ് താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. ഈ പ്രവണത തുടരാൻ അനുവദിക്കുന്നത് സ്ഥാപനത്തിന് ഗുണകരമല്ലന്നും കോർപ്പറേഷന്റെ താൽപര്യങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം ജീവനക്കാരെ സർവ്വീസിൽ തുടരാൻ അനുവദിക്കുന്നത് അഭികാമ്യമല്ല എന്നും കണ്ട് 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും,നിയന്ത്രണവും,അപ്പീലും ) ചട്ടങ്ങളിലെ ചട്ടം 11(Vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ (Removal from service) ഉദ്ദേശിക്കുന്നതായി കാണിച്ച് സൂചന (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് താങ്കൾക്ക് നൽകിയിട്ടുള്ളതും ആയത് 19.07.2023 തീയതിയിൽ കൈപ്പറ്റിയിട്ടുള്ളതും ആയതിന് താങ്കൾ വിശദീകരണം 21.07.2023 തീയതിയായി സമർപ്പിച്ചിട്ടുള്ളതുമാണ്. താങ്കൾ നൽകിയ വിശദീകരണം കാരണം കാണിക്കൽ നോട്ടീസിൽ പരാമർശിച്ചിട്ടുള്ള ശിക്ഷയിൽ ഇളവ് നൽകുവാൻ പര്യാപ്തമായി കാണുന്നില്ല.

സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് ഒരു ജീവനക്കാരൻ /ജീവനക്കാരി അവധിയിൽ പ്രവേശിക്കുമ്പോൾ യഥാസമയം ലീവപേക്ഷ സമർപ്പിച്ച് ബന്ധപ്പെട്ട അധികാരിയിൽ നിന്നും അനുവാദം വാങ്ങണം. മാത്രവുമല്ല മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിലാണ് ലീവപേക്ഷയെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റും ലീവപേക്ഷയോടൊപ്പം നൽകണമെന്നാണ് വ്യവസ്ഥ. ആയത് താങ്കൾ പാലിച്ചതായി കാണുന്നില്ല.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ കാസർഗോഡ് യൂണിറ്റിലെ കണ്ടക്ടറായ ശ്രീ.രഞ്ജിത്ത് കൃഷ്ണൻ.ജി –എന്ന താങ്കളെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും,നിയന്ത്രണവും,അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(Vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് (Removal from service) താത്കാലികമായി എടുത്ത തീരുമാനം അന്തിമമാക്കി താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് കൊണ്ട് (Removal from service) ഇതിനാൽ ഉത്തരവാകുന്നു.

എ ഷാജി

( ഗവ : ജോയിന്റ് സെക്രട്ടറി )
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ് )

സ്വീകർത്താവ്

ശ്രീ.രഞ്ജിത്ത് കൃഷ്ണൻ.ജി,കണ്ടക്ടർ,കാസർഗോഡ്
(ജില്ലാധികാരി കാസർഗോഡ് മുഖാന്തിരം)

പകർപ്പ് : ജില്ലാ അധികാരി കാസർഗോഡ് - ടി ഉത്തരവ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിവച്ച് ഒപ്പിട്ട് തിരിച്ചയക്കേണ്ടതും ടിയാന്റെ സർവ്വീസ് ബുക്കിലും പണിഷ്മെന്റ് രജിസ്റ്ററിലും ശിക്ഷാ വിവരം രേഖപ്പെടുത്തേണ്ടതും ,വിവരം ജിസ്പാർക്കിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്

പി .എസ്. ടു സി .എം .ഡി ,സ്റ്റെനോ ടു ഇ .ഡി .വി ,സ്റ്റെനോ ടു ഇ ഡി എ
ഓഡിറ്റ് ഓഫീസർ ,ജനറൽ സെക്ഷൻ ,പേമെന്റ് സെൽ ,പി എഫ് സെക്ഷൻ ,
ഇ .ഡി പി. സി, ഗ്രേഡേഷൻ സെക്ഷൻ , പെൻഷൻ സെക്ഷൻ ,എ &വി സെക്ഷൻ
എല്ലാ ജില്ല അധികാരികൾക്കും ,എല്ലാ യൂണി റ്റോഫീസർമാർക്കും ,

സ്റ്റോക്ക് ഫയൽ / ഫയൽ

DL